പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4242 27/06/2013 - ൽ മറുപടിയ്ക്ക്

എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് തിരുത്തിനൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| വിദ്യാർത്ഥികളുടെ എസ്.എസ്. എൽ.സി. സർട്ടിഫിക്കറ്റിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള വയസ്സ് ശരിയാക്കി നൽകുന്നതിനുള്ള അനുവാദം അവർ പഠിച്ച സ്കൂളിലെ പ്രധാനാധ്യാപകനു നൽകി ഉത്തരവിറക്കുവാൻ തയ്യാറാകുമോ? | കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിലെ 6-ാം അദ്ധ്യായം റൂൾ 3 അനുശാസിക്കും വിധമാണ് യോഗ്യതാ സർട്ടിഫിക്കറ്റിലെ ജനനത്തീയതി വ്യതിയാനം വരുത്തുവാൻ പരീക്ഷാ ജോയിന്റ് കമ്മീഷണർക്ക് അധികാരം നൽകിയിരിക്കുന്നത്. കേരളത്തിലെ പത്താം തരത്തിൽ പരീക്ഷ എഴുതുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും ബയോഡേറ്റയും മാർക്കും തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന പരീക്ഷാ ഭവനിലെ രജിസ്റ്ററുകളിലും കമ്പ്യൂട്ടർ വിഭാഗത്തിലുമാണ് സൂക്ഷിച്ചിരിക്കുന്നത്. സർട്ടിഫിക്കറ്റിൽ തിരുത്തൽ വരുത്തുന്നതിന് മുൻപ് പ്രസ്തുത തിരുത്തലുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളിലും മറ്റും വരുത്തേണ്ടതുണ്ട്. അതിനാൽ നിലവിലുള്ള സംവിധാനത്തിൽ പ്രസ്തുത അധികാരം ഹൈസ്കൂൾ പ്രധാന അദ്ധ്യാപകർക്ക് നല്കുവാൻ പ്രായോഗികമായി നിർവ്വാഹമില്ല. |

Sreedevi
സെക്ഷൻ ഓഫീസർ